**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3435** **11-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തബാധിതരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ഉരുൾപൊട്ടൽ ദുരന്തമുണ്ടായി മാസങ്ങൾ പിന്നിട്ടിട്ടും പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നും ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പോലും ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടില്ല എന്നുമുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിൽ, മുണ്ടക്കൈ ചൂരൽമല പ്രദേശങ്ങളിൽ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കണ്ടെത്തിയ കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ എസ്റ്റേറ്റ്, കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റ് എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ തത്വത്തിൽ തീരുമാനിച്ച് ദുരന്തം നടന്ന് 63 ദിവസത്തിനുള്ളിൽ 04/10/2024 ൽ തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനെതിരെ കമ്പനികൾ ഫയൽചെയ്ത WP(C) 36125/24, WP(C) 36436/24 എന്നീ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കികൊണ്ട് സിംഗിൾ ബെഞ്ച് 27.12.24 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ദുരന്ത നിവാരണ നിയമപ്രകാരം പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്ന് ഉത്തരവായിരുന്നു. 27.12.2024 ലെ സിങ്കിൾ ബെഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികളുമായി സർക്കാർ മുന്നോട്ട് പോവുകയാണ്. ഇതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കി ടോപ്പോഗ്രാഫിക്ക് സർവ്വേ, ഹൈഡ്രോളിക്കൽ സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, സോയിൽ ടെസ്റ്റ് എന്നിവ പൂർത്തിയാക്കി, വില നിർണ്ണയവുമായി ബന്ധപ്പെട്ട ഫീൽഡ് വർക്ക് പൂർത്തിയാക്കി ബിൽഡിങ്ങുകളുടേയും മരങ്ങളുടേയും വാല്യുവേഷൻ പൂർത്തിയാക്കി. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ദ്രുതഗതിയിൽ നടന്നുവരുന്നു. കോടതിയുടെ നടപടികളിൽ ഉണ്ടായ കാലതാമസമൊഴിച്ചാൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് മനഃപൂർവ്വമായ ഒരു വീഴ്ച്ചയും ഉണ്ടായിട്ടില്ല. മാർച്ച് മാസത്തിൽ തന്നെ ഭൂമി ഏറ്റെടുത്ത് |

| | | | |
|---|---|---|---|
| | | | നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ദുരന്ത ബാധിതരുടെ ഒരു ലിസ്റ്റ് മൈക്രോ പ്ലാനിൽ നേരത്തേ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ 2 ഫേസിലായി തയ്യാറാക്കി വരുന്നത് ദുരന്ത ബാധിതരിൽ പുനരധിവസിപ്പിക്കേണ്ടവരുടേതാണ്. |
| (ബി) | ഓരോ ദുരന്തബാധിതർക്കും കുറഞ്ഞത് 10 സെന്റ് സ്ഥലം എങ്കിലും നൽകാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | 28/02/2025 ലെ സ.ഉ(കൈ)നം.3/2025/ഡി.എം.ഡി പ്രകാരം ഓരോ ദുരന്തബാധിതർക്കും വീട് നിർമ്മിക്കുന്നതിനായി 7 സെന്റ് ഭൂമി വീതമുള്ള plot size ആയി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ദുരന്തം നടന്ന് ഏഴ് മാസമായിട്ടും ദുരന്തബാധിതരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കുമോ? | (സി) | വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ പുനരധിപ്പിക്കേണ്ടവരുടെ അന്തിമ പട്ടിക 07/02/2025 പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടം അന്തിമലിസ്റ്റിൽ 242 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പുനരധിവസിപ്പിക്കേണ്ടവരുടെ ഫേസ് 2A കരട് ലിസ്റ്റ് - 22/02/2025 തീയതിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2A ലിസ്റ്റിൽ 81 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച പരാതികൾ പരിശോധിച്ച്, പരാതിക്കാരെ നേരിൽ കേട്ട് DDMA അവസാന ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കും . നോ-ഗോ സോണിന് പുറത്തായി സ്ഥിതി ചെയ്യുന്ന ദുരന്ത കാരണം ഒറ്റപ്പെട്ടു പോകുന്ന വീടുകളെ ഉൾപ്പെടുത്തിയിട്ടുള്ള കരട് ഫേസ് 2B ലിസ്റ്റ്, നോ-ഗോ സോണിന്റെ പരിധിയിൽ നിന്ന് 50 മീറ്ററിനുള്ളിൽ പൂർണ്ണമായി ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയിലുള്ള വീടുകൾ മാത്രം പരിഗണിച്ചുകൊണ്ട് തിട്ടപ്പെടുത്താൻ 28/02/2025 ലെ സ.ഉ(കൈ)നം.3/2025/ഡി.എം.ഡി പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ